**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *32** **09.02.2016-ൽ മറുപടിയ്ക്ക്**

## ഗുരുകുലം പദ്ധതി

**ചോദ്യം**
**ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി**
**ശ്രീ.കെ.എൻ.എ.ഖാദർ**
**ശ്രീ.പി.ബി.അബ്ദുൾ റസാക്**
**ശ്രീ.എം.ഉമ്മർ**

**മറുപടി**
**ശ്രീമതി.പി.കെ.ജയലക്ഷ്മി**
**(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | "ഗുരുകുലം" പദ്ധതിയുടെ വിശദമായ മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ടോ; | എ) | "ഗുരുകുലം" പദ്ധതിയുടെ വിശദമായ രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. |
| ബി) | എങ്കിൽ അതിന്റെ വിശദവിവരം വെളിപ്പെടുത്തുമോ; | ബി) | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കിടയിൽ ആധുനിക വിദ്യാഭ്യാസ രീതിയും ഗോത്രവർഗ്ഗ സംസ്കൃതിയും തമ്മിലുള്ള അന്തരം കാരണം ചില കുട്ടികൾ പഠനം ഉപേക്ഷിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടപ്പോഴാണ് ഇതുസംബന്ധിച്ച പഠനം നടത്തി വകുപ്പ് 'ഗുരുകുലം' എന്ന വിദ്യാഭ്യാസ രീതിക്ക് രൂപംകൊടുത്തത്.<br><br>പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സമഗ്ര വികസനത്തിനും ഉന്നമനത്തിനുമായി ലോക പ്രശസ്തി നേടിയ ഒഡീഷയിലെ ഭുവനേശ്വറിൽ പ്രവർത്തിക്കുന്ന കലിംഗ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസിന്റെ മാതൃകയിൽ നേഴ്സറിതലം മുതൽ ബിരുദാനന്തരതലം വരെ ഒരു കുടക്കീഴിൽ പൂർണ്ണമായി റസിഡൻഷ്യൽ രീതിയിൽ പഠനം നടത്തുന്നതിന് അവസരം ഒരുക്കുകയാണ് ഈ പദ്ധതിയുടെ ഉദ്ദേശം.<br><br>ഗോത്രസംസ്ക്കാരവും, പൈതൃകഭാഷയും നൈപുണ്യ വികസനത്തോടൊപ്പം കുട്ടികളുടെ അഭിരുചിക്കനുസരിച്ചായിരിക്കും പദ്ധതി |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കുക. രൂപരേഖയുടെ വിശദാംശങ്ങൾ അനുബന്ധം [illegible] ആയി ചേർത്തിരിക്കുന്നു. |
| സി) | പ്രസ്തുത പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിനാവശ്യമായ നിർദ്ദേശം നൽകുമോ? | സി) | ഒന്നാംഘട്ടമായി അടുത്ത അധ്യയനവർഷം പ്രീപ്രൈമറിതലം ആരംഭിക്കുന്നതാണ്. അതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

# പട്ടികവർഗ്ഗക്കാർക്കായി 'ഗുരുകുലം' എന്ന സ്ഥാപനം ആരംഭിക്കുന്നതിനുള്ള രൂപരേഖ

## ആമുഖം

2011-ലെ സെൻസസ് പ്രകാരം കേരളത്തിലാകമാനമുള്ള 36 പട്ടികവർഗ്ഗ സമുദായങ്ങളിലായി ആകെ ജനസംഖ്യ 4,84,839 ആണ്. ഇതിൽ ബഹുഭൂരിപക്ഷം ജനങ്ങളും തങ്ങളുടെ തനതു ആവാസ വ്യവസ്ഥകൾക്കനുസൃതമായ സ്ഥലങ്ങളിൽ താമസിച്ചുവരുന്നു. സാമൂഹികമായും വിദ്യാഭ്യാസപരമായും സമൂഹത്തിൽ പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന പട്ടികവർഗ്ഗക്കാരുടെ സമഗ്രമായ ഉന്നമനം ലക്ഷ്യമാക്കി പട്ടികവർഗ്ഗ വികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനുവേണ്ടിയാണ് പട്ടികവർഗ്ഗ വികസന വകുപ്പ് മോഡൽ റസിഡൻഷ്യൽ സ്കൂളുകളും പ്രീമെട്രിക് ഹോസ്റ്റലുകളും പരിശീലന കേന്ദ്രങ്ങളും പ്രവർത്തിപ്പിച്ചു വരുന്നത്.

നിലവിൽ പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലൂടെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 1 മുതൽ +2 വരെ ക്ലാസ്സുകളിലുള്ള വിദ്യാഭ്യാസം മാത്രമാണ് ലഭിക്കുന്നത്. പൊതു വിദ്യാഭ്യാസ വകുപ്പു മുഖേനയുള്ള വിദ്യാഭ്യാസ രീതിയും ഗോത്ര വർഗ്ഗ സംസ്കൃതിയും സാഹചര്യങ്ങളും തമ്മിലുള്ള അന്തരം കാരണം പൊതു വിദ്യാഭ്യാസ രീതിയുമായി പൊരുത്തപ്പെടാൻ കഴിയാതെ സ്ക്കൂൾ വിദ്യാഭ്യാസം പോലും ഉപേക്ഷിക്കുന്ന സാഹചര്യമാണ് ഇപ്പോൾ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഇടയിലുള്ളത്.

## I. ആവശ്യകത

- മറ്റ് സമൂഹങ്ങളിൽ നിന്നും വേറിട്ട്, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അവരുടേതായ ആചാരങ്ങളും അനുഷ്ഠാനങ്ങളും വിശ്വാസങ്ങളും ജീവിത രീതികളും ഇഴുകിച്ചേർന്ന സ്വന്തമായ സംസ്ക്കാരമുണ്ട്. അവയെ അംഗീകരിക്കുകയും പ്രോൽസാഹിപ്പിക്കുകയും ചെയ്യുന്ന തരത്തിലുള്ളതും അവരുടെ ആചാരാനുഷ്ഠാനങ്ങളെയും പാരമ്പര്യാറിവുകളെയും അടിസ്ഥാനമാക്കിയുള്ളതും പൊതുസമൂഹത്തിന് കൂടി പ്രയോജനകരമാകുന്ന രീതിയിലുമുള്ള പ്രായോഗിക വിദ്യാഭ്യാസ

രീതി പൊതു മൂല്യാധിഷ്ഠിത വിദ്യാഭ്യാസ സമ്പ്രദായവുമായി സമന്വയിപ്പിച്ച് നടപ്പിലാക്കാവുന്നതാണ്. തന്മൂലം വിദ്യാഭ്യാസത്തോട് പട്ടികവർഗ്ഗ സമൂഹത്തിന്റെ ആഭിമുഖ്യം വർദ്ധിപ്പിക്കാനാകുന്നതാണ്.

- പൊതുവിദ്യാഭ്യാസ വകുപ്പ് വഴിയുളള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മേൽപറഞ്ഞ രീതിയിലുളള ആദിവാസി സംസ്കാരവുമായി ബന്ധപ്പെട്ട വിദ്യാഭ്യാസ സമ്പ്രദായമല്ല ഇപ്പോൾ അവലംബിച്ചിരിക്കുന്നത്. തന്മൂലം പട്ടികവർഗ്ഗത്തിലെ പിന്നോക്കം നിൽക്കുന്ന സമൂഹങ്ങളിലെ വിദ്യാർത്ഥികൾ പൊതുവിദ്യാഭ്യാസ രീതിയുമായി ഇഴുകിചേരാനാകാതെ ഇടയ്ക്ക് വച്ച് പഠിത്തം നിർത്തുന്നതായും പഠനങ്ങൾ വെളിപ്പെടുത്തുന്നു.

- ഗുണമേന്മയുളള വിദ്യാഭ്യാസം അവരുടെ <u>ജീവിത രീതിയും, ആവാസ വ്യവസ്ഥയുമായി ബന്ധപ്പെടുത്തി തനതു കലാ സാംസ്ക്കാരിക മൂല്യങ്ങൾക്ക് പ്രാധാന്യം നൽകി പ്രദാനം ചെയ്യുന്നതിനും അതുവഴി</u> സമർത്ഥരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അവരുടെ അഭിരുചിക്കനുസൃതമായ മേഖലയിൽ ഉന്നത വിദ്യാഭ്യാസം നേടുന്നതിനും അവസരം ഒരുക്കേണ്ടത് അത്യാവശ്യമാണ്.
- നിലവിലുളള സമ്പ്രദായത്തിൽ പഠിച്ചു എസ്.എസ്.എൽ.സി, +2, ബിരുദ കോഴ്സുകൾ പൂർത്തിയാക്കുന്നവർക്ക് അനുയോജ്യമായ തൊഴിൽ അവസരങ്ങൾ ലഭിക്കുന്നില്ല. തന്മൂലം അവരിൽ വിദ്യാഭ്യാസത്തോട് വെറുപ്പു വർദ്ധിക്കുന്നു.
- പട്ടികവർഗ്ഗക്കാരുടെ കലയും തനതു സംസ്ക്കാരവും ഭക്ഷണവും എല്ലാം വളരെയധികം ആകർഷകമാണ്. ഇവ പ്രോൽസാഹിപ്പിച്ചു മാർക്കറ്റ്ചെയ്യാനവസരം നൽകിയാൽ അവരുടെ ആത്മാഭിമാനം വർദ്ധിപ്പിക്കുന്നതിനും പൊതുസമൂഹവുമായി അന്തസ്സുറ്റ ഒരു ഇഴുകിചേരൽ ഉണ്ടാവാൻ ഉപകരിക്കുകയും ചെയ്യും.
- പട്ടികവർഗ്ഗക്കാരുടെ തനതു കൃഷിയും കൃഷിരീതിയും അവർ ജനിച്ചു വളർന്ന പ്രദേശത്തിൻെറ ജൈവ പ്രകൃതിയ്ക്ക് അനുസരിച്ചുളളതും പട്ടികവർഗ്ഗക്കാരുടെ ആരോഗ്യസംരക്ഷണത്തിനു ഉതകുന്നവയുമാണ്. ഇത് പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണ്.

- പട്ടികവർഗ്ഗക്കാരുടെ തനതു നൈപുണികൾ മനസ്സിലാക്കി കാലോചിതമായി മെച്ചപ്പെടുത്തുന്നതിനും ആദായകരമായി മാർക്കറ്റ് ചെയ്യുന്നതിനും ടി അറിവുകൾ അന്യം നിന്നുപോകാതെ പുതുതലമുറയിലേയ്ക്ക് കൈമാറേണ്ടതുമാണ്.
- 2005ലെ വനാവകാശ നിയമം നടപ്പാക്കിയതോടുകൂടി കേരളത്തിൽ വനത്തെ ആശ്രയിച്ച് ജീവിക്കുന്നവർ പട്ടികവർഗ്ഗക്കാർ മാത്രമാണെന്ന് വ്യക്തമായിരിക്കുകയാണ്. അതിനാൽ സംസ്ഥാനത്ത് തടിയേതര വനവിഭവശേഖരണത്തിനുളള പൂർണ്ണ അധികാരം പട്ടികവർഗ്ഗക്കാർക്കാണ്. പ്രത്യേക വൈഭവം ആവശ്യമായ ഈ രംഗത്തു അഭ്യസ്തവിദ്യരായവർക്കു കഴിവ് ആർജ്ജിക്കുവാനാകുന്നില്ല. കുടുംബത്തോടൊപ്പം വനത്തിൽ വനവിഭവശേഖരത്തിനു പോകുന്നതുവഴി പരമ്പരാഗതമായി ആർജ്ജിക്കുന്ന കഴിവ്, വിദ്യാഭ്യാസത്തിനു പോകേണ്ടി വന്നതിനാൽ പുതുതലമുറയ്ക്ക് നേടുവാനായിട്ടില്ല. അവരിൽ നിന്നുതന്നെ കഴിവും പ്രാവീണ്യവുമുളള മാസ്റ്റർ ട്രെയിനറെ കണ്ടെത്തി സ്ക്കൂൾ പഠനത്തോടൊപ്പം ഈ വിധ കാര്യങ്ങളിലും പ്രായോഗിക പരിശീലനം നൽകാവുന്നതാണ്.

ഇത്തരത്തിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസം പുനസംവിധാനം ചെയ്യുന്ന പക്ഷം പട്ടികവർഗ്ഗക്കാരിൽ പുത്തനുണർവ്വും ആത്മവിശ്വാസവും വർദ്ധിപ്പിക്കുന്നതിനും നിശ്ചിത തൊഴിലധിഷ്ഠിത കോഴ്സുകൾ പൂർത്തിയാക്കിയ ശേഷം ആദായകരമായ തൊഴിൽ മേഖല സ്വയം തെരഞ്ഞെടുത്ത് പ്രവർത്തിക്കുന്നതിനു കഴിയുന്നതുമാണ്.

പ്രതിഭാശാലികളായവർക്ക് മെച്ചപ്പെട്ട സ്ഥാപനങ്ങളിൽ അവരുടെ കഴിവിനും താൽപ്പര്യത്തിനും അനുസരിച്ച് ചേർന്നു പഠിച്ചു ഉന്നത മേഖലകളിൽ എത്തുന്നതിനു കഴിയുന്നതാണ്.

2) <u>ആദിവാസി പഠനകേന്ദ്രം</u>

ഈ സാഹചര്യത്തിലാണ് പട്ടികവർഗ വിദ്യാർത്ഥികൾക്ക് നൈപുണ്യവികസനത്തിനും, ആദിവാസി സംസ്കാരം / പാരമ്പര്യത്തിനും ഭാഷയ്ക്കും ഊന്നൽ നൽകിക്കൊണ്ടുളള പഠനവും പരിശീലനവും എൽ.കെ.ജി. മുതൽ പ്ലസ്ടു തലംവരെ ഒരു കുടക്കീഴിൽ നടത്തപ്പെടുന്ന ഒരു ഗുരുകുലം (പട്ടികവർഗ്ഗ വിദ്യാഭ്യാസകേന്ദ്രം) സ്ഥാപിക്കേണ്ടതിന്റെ അത്യാവശ്യകത ബോദ്ധ്യപ്പെടുന്നത്.

പൊതുമുഖ്യധാരയിൽ നിന്നും പിൻതള്ളപ്പെടാതിരിക്കുവാൻ പട്ടികവർഗ്ഗ വിദ്യാർത്ഥികളെ വിദ്യാഭ്യാസത്തിലൂടെ ശാക്തീകരിക്കുന്നതിന് ഇത്തരത്തിലുള്ള ഒരു തൊഴിലധിഷ്ഠിത വിദ്യാഭ്യാസ കേന്ദ്രം സംസ്ഥാനത്ത് സ്ഥാപിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

(3) എവിടെ സ്ഥാപിക്കണം:

സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാർ ഏറ്റവും കൂടുതലായുള്ള വയനാട് ജില്ലയിൽ ഇത്തരത്തിൽ ഒരു വിദ്യാഭ്യാസ കേന്ദ്രം സ്ഥാപിക്കുന്നതാണ് ഏറ്റവും അനുയോജ്യം. മാനന്തവാടിയിൽ ടി സ്ഥാപനം ആരംഭിക്കുന്നതിന് അനുയോജ്യമായ 150 ഏക്കർ സ്ഥലം ഇതിനകം കണ്ടെത്തിയിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചു വരുന്ന പ്രിയദർശിനി റ്റീ എസ്റ്റേറ്റിന്റെ അധീനതയിലുള്ള മക്കിമലയിൽ നിർദ്ദിഷ്ഠ സ്ഥാപനം ആരംഭിക്കാവുന്നതാണ്.ഈ സ്ഥലം അനുവദിച്ചു നൽകാൻ പ്രിയദർശിനി ഗവേണിംഗ് ബോഡി തീരുമാനിച്ചിട്ടുമുണ്ട്.

(4) പ്രവർത്തനം

- സ്ഥാപനം ആരംഭിക്കുന്നതിനായി ഒരു നോഡൽ ഓഫീസറെ നിയമിക്കാവുന്നതാണ്.
- നിർദ്ദിഷ്ടം 'ഗുരുകുല'ത്തിന്റെ ഭരണ സംവിധാനം പട്ടികവർഗ്ഗ വികസന വകുപ്പിനു കിഴിൽ ഒരു സൊസൈറ്റി രൂപീകരിച്ച് നടപ്പിലാക്കാവുന്നതാണ്. നിലവിലുള്ള കേരള പട്ടികജാതി പട്ടികവർഗ്ഗ റസിഡൻഷ്യൽ എഡ്യൂക്കേഷണൽ സൊസൈറ്റി മതിയാകുന്നതാണ്.
- ഈ സൊസൈറ്റിയുടെ ഗവേണിംഗ് ബോഡിയുടെ ഘടനാ സംവിധാനം താഴെ ചേർക്കുന്നു.

1. ചെയർമാൻ – പട്ടികജാതിപട്ടികവർഗ്ഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി
2. അംഗങ്ങൾ–
   1. ഡയറക്ടർ ,പട്ടികവർഗ്ഗ വികസന വകുപ്പ്(നോഡൽ ഓഫീസർ)
   2. വിദ്യാഭ്യാസ വിദഗ്ധൻ
   3. സെക്രട്ടറി ഉന്നതവിദ്യാഭ്യാസ വകുപ്പ്
   4. സെക്രട്ടറി പൊതു വിദ്യാഭ്യാസ വകുപ്പ്

5. ജോയിന്റ് ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്

6. 'ഗുരുകുലം' സ്ഥാപന മേധാവി

7. രണ്ട് പട്ടികവർഗ്ഗ പ്രതിനിധികൾ

പ്രസ്തുത ഗവേണിംഗ് ബോഡിയുടെ പ്രവർത്തനം ഐ.ഐ.റ്റി/ഐ.ഐ.എം കളുടെ ഗവേണിംഗ് ബോഡിയുടേതുപോലെയാകണം. ടി സ്ഥാപനത്തിലേക്കാവശ്യമായ റിക്രൂട്ട്മെന്റ്, കരിക്കുലം പരിഷ്ക്കരിക്കൽ, സ്ഥാപനത്തിന്റെ നാനാവിധമുള്ള വികസന പ്രവർത്തനങ്ങൾ എന്നിവയുടെ ചുമതല ടി ഗവേണിംഗ് ബോർഡിക്ക് ആയിരിക്കും. സ്ഥാപനത്തിലെ അധ്യയന കരിക്കുലം നിർമ്മിക്കേണ്ടതും അദ്ധ്യാപകരെ നിയമിക്കുന്നതുമെല്ലാം ഗവേണിംഗ് ബോഡിയുടെ ചുമതലയായിരിക്കും.

<u>ആദ്യഘട്ടം:</u>

- ആദ്യഘട്ടമെന്ന നിലയിൽ ഈ സ്ഥാപനത്തിൽ എൽ.കെ.ജി. മുതൽ 12-ാം ക്ലാസ് വരെയുള്ള ഗുരുകുല വിദ്യാഭ്യാസ സമ്പ്രദായം ആരംഭിക്കേണ്ടതാണ്.
- നിർദ്ദിഷ്ഠ ക്ലാസ്സുകളിൽ 40 കുട്ടികളെ വീതം മൂന്ന് ഡിവിഷനുകൾ ആരംഭിക്കാവുന്നതാണ്. ഇപ്രകാരം ആദ്യ വർഷം 120 കുട്ടികളെ പ്രവേശിപ്പിക്കാവുന്നതാണ്.
- ഓരോ ക്ലാസ്സിലേയും സിലബസ് ഗോത്ര വർഗ്ഗ സംസ്ക്കാരവും ആചാര അനുഷ്ഠാനങ്ങളും ജീവിത സാഹചര്യങ്ങളും കണക്കിലെടുത്ത് വിദഗ്ദരുടെ സഹായത്തോടെ രൂപ കൽപ്പന ചെയ്യാവുന്നതാണ്.
- സ്ഥാപനം തുടങ്ങുന്നതിനായി നിർദ്ദിഷ്ഠ സ്ഥലത്ത് കെട്ടിട സമുച്ചയം നിർമ്മിക്കുക
- ഗോത്ര വർഗ്ഗ സങ്കേതങ്ങളിലെ വികസനം ലക്ഷ്യമാക്കിയുള്ള വിദ്യാഭ്യാസ രീതിയും, കോഴ്സുകളും രൂപ കൽപ്പന ചെയ്യുക.
- ഗോത്ര വർഗ്ഗ സാഹചര്യങ്ങൾക്ക് അനുസരിച്ചുള്ള പരമ്പരാഗത തൊഴിൽ അവസരങ്ങൾ ചിട്ടപ്പെടുത്തി ഏറ്റവും പ്രയോജനകരമാക്കിത്തീർക്കുക.
- അമിത മദ്യപാനം, അനാചാരങ്ങൾ മറ്റ് ദുശ്ശീലങ്ങൾ എന്നിവയിൽ നിന്നും ഗോത്ര വർഗ്ഗ ജനതയെ മോചിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തുക.
- ഗോത്രവർഗ്ഗ വികസനവുമായി ബന്ധപ്പെടുന്ന മറ്റ് വകുപ്പുകൾ ,സ്ഥാപനങ്ങൾ, പ്രസ്ഥാനങ്ങൾ എന്നിവയ്ക്ക് വേണ്ട പ്രായോഗിക മാർഗ്ഗ നിർദ്ദേശം നൽകുക.

- ടി സ്ഥാപനത്തിൻെറ ഡയറക്ടറെ നിയമിക്കുന്നതിന് ആണ് ആദ്യപരിഗണന നൽകേണ്ടത്. വളരെയേറെ അക്കാദമിക/ഉദ്യോഗസ്ഥ പ്രവർത്തന പരിചയവും സമൂഹത്തിൻെറ ഉന്നതശ്രേണിയിലും ഉളളവരിൽ നിന്ന് അപേക്ഷ ക്ഷണിച്ച് അവരിൽ ഒരാളെയായിരിക്കണം ഡയറക്ടറായി തിരഞ്ഞെടുക്കേണ്ടത്. അതിന്ശേഷം ഗവേണിംഗ് ബോഡിയുടെ ഫുൾകോറം ചേർന്ന് സ്ഥാപനത്തിൻെറ ഘടനയും ഫാക്കൽറ്റീസിൻെറ തിരഞ്ഞെടുപ്പും മറ്റുമുളള കാര്യങ്ങളിൽ തീരുമാനം കൈകൊളളാവുന്നതാണ്.

<u>ബഡ്ജറ്റ്:-</u>

ഈ സ്ഥാപനം സ്ഥാപിക്കുന്നതിന് ആദ്യഘട്ടമായി 50 കോടി രൂപ ക്യാപിറ്റൽ ഹെഡിൽ വേണ്ടി വരുന്നതാണ്. തുടർന്നുളള റവന്യൂ ചെലവിനത്തിൽ 5 കോടി രൂപയും വേണ്ടി വരുന്നതാണ്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | തുക രൂപ ലക്ഷത്തിൽ |
|---|---|---|
| 1 | സ്ക്കൂൾ ബിൽഡിംഗ് | 1000.00 |
| 2 | അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് ലൈബ്രറി ആഡിറ്റോറിയം | 500.00 |
| 3 | ഹോസ്റ്റൽ ബിൽഡിംഗ് ഭക്ഷണശാല | 1000.00 |
| 4 | കോമ്പൗണ്ടിലെ റോഡുകൾ ലാന്റ് സ്കേപിംഗ് കളിസ്ഥലം തുടങ്ങിയവ | 800.00 |
| 5 | സ്റ്റാഫ് ക്വോർട്ടേഴ്സുകൾ | 700.00 |
| 6 | ഫർണിച്ചറും മറ്റ് അനുബന്ധ സൗകര്യങ്ങളും | 1000.00 |
| | ആകെ | 5000.00 |

(ആകെ പ്രതീക്ഷിത ചെലവ് 50 കോടി രൂപ )

സ്ഥാപനം സ്ഥാപിക്കുന്നത് സംബന്ധിച്ചുള്ള തീരുമാനം കൈക്കൊള്ളുന്ന മുറയ്ക്ക് വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.